**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1381** **03-02-2026 - ൽ മറുപടിയ്ക്ക്**

**വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റ് ആക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം മണ്ഡലത്തിലെ വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റ് ആക്കുന്നതിനായുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; വിശദാംശം നൽകാമോ? | (എ) | ഫുഡ് ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റ് പദ്ധതി. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ള ഫുഡ് സ്ട്രീറ്റ് പദ്ധതി ഇരു വകുപ്പുകളും ചേർന്നാണ് നടപ്പിലാക്കിയത്. പാലത്തിന്റെ നിലവിലുള്ള അവസ്ഥ പരിശോധിക്കുന്നതിന് PWD, KHRI യെ ചുമതലപ്പെടുത്തുകയും പരിശോധന നടത്തി റിപ്പോർട്ട് നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ബലപ്പെടുത്തൽ പ്രവൃത്തികൾക്കും അറ്റകുറ്റപ്പണികൾക്കും പൊതുമരാമത്ത് വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ഫുഡ് സ്ട്രീറ്റ് പദ്ധതിയിലേക്ക് കടക്കാനാകും. വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റ് ആക്കുന്നതിനായുള്ള പദ്ധതിയ്ക്ക് 2025 - 26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒരു കോടിരൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ